"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - കൊല്ലം ജില്ല- മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ ക്ലാർക്ക് ശ്രീ. ഷൈജുലാൽ ബി -യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1045/2026/LSGD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:-

1. കൊല്ലം ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടറുടെ 24.01.1997ലെ E3-2772/1995 നമ്പർ നടപടിക്രമങ്ങൾ
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.04.1998ലെ ഇ3-6772/93 നമ്പർ നടപടിക്രമങ്ങൾ
3. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.11.2022ലെ ഡിഡിപി/കെഎൽഎം/1991/2022-ഇ2(1) നമ്പർ നടപടിക്രമങ്ങൾ
4. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 10.11.2022ലെ DDP/KLM/1991/2022-E2 നമ്പർ നടപടിക്രമങ്ങൾ,
5. തദ്ദേശസ്വയംഭരണവകുപ്പ് കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 26.11.2025ലെ LSGD/JD/KLM/9842/2025-A3 നമ്പർ നടപടിക്രമങ്ങൾ
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.04.2026ലെ LSGD/PD/38383/2025-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ. ഷൈജുലാൽ ബി യുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം 10.02.2000 മുതൽ 22.07.2000 വരെ ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (6) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. പരാമർശം (1) പ്രകാരം മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ 10.02.1997 തീയതി പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഷൈജുലാൽ.ബി യുടെ സേവനം പരാമർശം (2) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലയളവ് 09.02.1999 തീയതി അപരാഹ്നത്തിൽ സ്വാഭാവികമായി പൂർത്തിയാകേണ്ടതാണ്. എന്നാൽ ടിയാൾ പ്രൊബേഷൻ പൂർത്തീകരണത്തിനുള്ള നിർബന്ധിത വകുപ്പ് തല പരീക്ഷയായ MOP പരീക്ഷ വിജയിച്ചത് 20.07.2000 ലാണ് . ഈ സാഹചര്യത്തിൽ പരാമർശം (4) , (5) എന്നിവ പ്രകാരം ടിയാളുടെ നിരീക്ഷണകാലയളവ് 10.02.1999 തീയതി മുതൽ ഒരു വർഷത്തേക്ക് ,കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ ടിയാൾക്ക് 09.05.2019ൽ 50 വയസ്സ് പൂർത്തിയായതിനെ തുടർന്ന് പരാമർശം (3) പ്രകാരം നിർബന്ധിത വകുപ്പ് തല പരീക്ഷകൾ വിജയിക്കുന്നതിൽ നിന്ന് ടിയാളെ

ഒഴിവാക്കിയിട്ടുണ്ട് ടിയാൻ 31.05.2025ന് സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ട്. നിരീക്ഷണകാലയളവിലെ ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമായിരുന്നെന്നും, ടിയാളുടെ പേരിൽ വിജിലൻസ് കേസോ, അച്ചടക്കനടപടികളോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ ടിയാളുടെ നിരീക്ഷണകാലയളവിനെ ബാധിക്കുന്ന യാതൊരു അവധിയും ടിയാൾ ഉപയുക്തമാക്കിയിട്ടില്ലാത്തതാണെന്നും ടിയാൾ PF , GIS എന്നീ പദ്ധതികളിൽ അംഗത്വമെടുത്തിട്ടുള്ളതും, എന്നാൽ SLI പദ്ധതിയിൽ അംഗത്വം നേടിയിട്ടില്ലാത്തതുമാണെന്നും മയ്യനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (6) ശിപാർശയുടെ അടിസ്ഥാനത്തിൽ 20.07.2000 ൽ എം ഒ പി പരീക്ഷ പാസ്സായ 31.05.2025ന് സേവനത്തിൽ നിന്ന് വിരമിച്ച കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ. ഷൈജുലാൽ ബി -യുടെ പ്രൊബേഷൻ 21.07.2000 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 10.02.2000 മുതൽ 22.07.2000 വരെ വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.ശ്രീ.ഷൈജലാൽ.ബി , മുൻ ക്ലാർക്ക് , മയ്യനാട് ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.73/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 21-05-2026 17:21:47
സെക്ഷൻ ഓഫീസർ